## 13 -ാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6673 09/07/2014 - ൽ മറുപടിയ്ക്ക്**

**പ്ലസ് ടു വിദ്യാർത്ഥികളുടെ ഉപരി പഠനത്തിനുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് ടു വിന് ശേഷമുള്ള ഉപരിപഠനത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് ടു വിന് ശേഷമുള്ള ഉപരിപഠനത്തിന് അർഹമായ ഫീസിനു പുറമെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്/പോക്കറ്റ് മണി എന്നിവ നൽകി വരുന്നു. |
| (ബി) 2013-14 വർഷത്തിൽ ഏതെല്ലാം ഉപരിപഠന കോഴ്സുകൾക്ക് ചേർന്ന വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ ആനുകൂല്യങ്ങൾ നൽകിയതെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചെന്നും വിശദമാക്കുമോ ? | (ബി) 2013- 14 വർഷം വിവിധ ഡിഗ്രി കോഴ്സുകൾ, പി.ജി.കോഴ്സുകൾ, പാരാ മെഡിക്കൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾ പോളിടെക്നിക് കോഴ്സുകൾ തുടങ്ങി വിവിധ ഉപരി പഠന കോഴ്സുകൾക്ക് പ്രവേശനം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഈയിനത്തിൽ 2013-14 വർഷം ആകെ 18,42,65,673/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ